നം.ഡി1–1608/06

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസ്,
കൊല്ലം, തീയതി: 28.04.2017

# കാരണം കാണിക്കൽ നോട്ടീസ്

വിഷയം: ഭരണജാഗ്രത – പഞ്ചായത്ത് വകുപ്പ് – കൊല്ലം ജില്ല – പെരിനാട് ഗ്രാമപഞ്ചായത്ത് ക്ലാർക്ക് ശ്രീ.എസ്.രജീഷ്കുമാറിനെതിരെയുള്ള അച്ചടക്കനടപടി – കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.02.2006 തീയതിയിലെ പി2–1/05 നമ്പർ കത്ത്.
2. ഈ ആഫീസിലെ 08.02.2006 തീയതിയിലെ ഡി1–1608/06 നമ്പർ ഉത്തരവ്.
3. ഈ ആഫീസിലെ 01.08.2006 തീയതിയിലെ ഡി1–1608/2006 നമ്പർ കുറ്റാരോപണ മെമ്മോ.
4. ഈ ആഫീസിലെ 12.01.2017 തീയതിയിലെ ഡി1–1608/06 നമ്പർ കത്ത്.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ 24.03.2017 തീയതിയിലെ പിആർഡി–എഫ്2/12/എഫ്2/2017/ഐ & പിആർ നമ്പർ കത്ത്.

പെരിനാട് ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായിരുന്ന ശ്രീ.എസ്.രജീഷ്കുമാർ വിദേശത്ത് പോകുന്നതിനുവേണ്ടി 16.11.2005 മുതൽ 5 വർഷത്തേക്ക് ശൂന്യവേതനാവധിയ്ക്ക് വേണ്ടി അപേക്ഷിച്ചിരുന്നതായും ടിയാൾ 12.12.2005 മുതൽ ആഫീസിൽ അനധികൃതമായി ഹാജരാകുന്നില്ലെന്നും പരാമർശം (1) പ്രകാരം പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടി റിപ്പോർട്ടിനെ തുടർന്ന് പരാമർശം (2) പ്രകാരം ടിയാളെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പരാമർശം (3) പ്രകാരം ടിയാൾക്ക് എതിരെ കുറ്റാരോപണ മെമ്മോ പുറപ്പെടുവിച്ച് അച്ചടക്കനടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ടി കുറ്റാരോപണ മെമ്മോ പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം ടിയാളുടെ സ്ഥിരമേൽവിലാസത്തിൽ അയച്ചുകൊടുത്തുവെങ്കിലും ആയത് കൈപ്പറ്റാതെ മടങ്ങിവന്നതിനെ തുടർന്ന് പരാമർശം (') പ്രകാരം കുറ്റാരോപണ മെമ്മോയും എച്ച്4 ഫാറവും ഐ&പിആർഡി വകുപ്പിന് അയച്ചുകൊടുത്തിട്ടുള്ളതും പരാമർശം (5) പ്രകാരം റിലീസ് ഉത്തരവ് ലഭ്യമായിട്ടുള്ളതുമാണ്. ആയത് കൂടാതെ കുറ്റാരോപണ മെമ്മോ www.lsgkerala.gov.in എന്ന വെബ് സൈറ്റിൽ പരസ്യം ചെയ്തിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ ടി കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.എസ്.രജീഷ്കുമാർ എന്നയാൾ മറുപടി സമർപ്പിച്ചിട്ടില്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ പെരിനാട് ഗ്രാമപഞ്ചായത്ത് ക്ലാർക്ക് ശ്രീ.എസ്. രജീഷ്കുമാറിനെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം H(1)(vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. ടി താൽക്കാലിക തീരുമാനം

സ്ഥിരപ്പെടുത്താതിരിക്കുന്നതിന് കാരണം എന്തെങ്കിലുമുണ്ടെങ്കിൽ ഈ കത്ത് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണ്. മറുപടിയൊന്നും ലഭ്യമാകാത്തപക്ഷം ടിയാൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൻമേൽ ടി താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണ്.

കെ.സോമൻ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
(പൂർണ്ണ അധികചുമതല)
കൊല്ലം

ശ്രീ.എസ്.രജീഷ്കുമാർ,
ആരതി ഹൗസ്,
വടക്കുംതല പി.ഒ,
കരുനാഗപ്പള്ളി,
കൊല്ലം - 690536.

പകർപ്പ് :

1. സെക്രട്ടറി, പെരിനാട് ഗ്രാമപഞ്ചായത്ത്, കൊല്ലം
2. ബഹു: പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. ബഹു: ഡയറക്ടർ, ഐ&പിആർഡി, തിരുവനന്തപുരം (ആമുഖകത്ത് സഹിതം കാരണം കാണിക്കൽ നോട്ടീസ് ബഹു: സർക്കാർ വെബ്സൈറ്റിലും 2 ദിനപത്രത്തിലും പ്രസിദ്ധീകരിക്കുന്നതിന്
4. ബഹു: ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (ആമുഖകത്ത് സഹിതം തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
5. ഇ2 സെക്ഷൻ
6. ആഡിറ്റ് സൂപ്പർവൈസർ, പിഎയു 4, തൃക്കടവൂർ

എസ്.5/5